ഡിസ്റ്റിലെറി ഫാക്ടറി

* 1670 [18] ശ്രീ പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തലയിൽ സ്ഥാപിക്കുവാൻ പോകുന്ന ഡിസ്റ്റിലെറി ഫാക്ടറിയിൽ ഗവണ്മെൻറിനു വല്ല പങ്കുമുണ്ടോ; ഉണ്ടെങ്കിൽ എന്താണ്;

(ബി) ആ ഫാക്ടറിയിലെ പ്രധാന ഉല്പാദനം എന്തായിരിക്കും;

(സി) അതു പ്രവർത്തനത്തിൽ വരുമ്പോൾ എത്ര ആളുകൾക്ക് ജോലി ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഇല്ല.

(ബി) നാടൻ വിദേശമദ്യം.

(സി) ഉദ്ദേശം 116 തൊഴിലാളികൾ ആവശ്യമുണ്ടായിരിക്കുമെന്നറിയുന്നു.

ശ്രീ. പി. എസ്. കാത്തികേയൻ: നാടൻ വിദേശമദ്യം എന്താണെന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. സി. അച്യുതമേനോൻ: വിദേശമദ്യത്തിനു തുല്യമായ രീതിയിൽ ഇവിടെ രാജ്യത്തു നിർമ്മിക്കുന്ന മദ്യത്തെ പാകപ്പെടുത്തി എടുക്കുന്നതിനെയാണ് നാടൻ വിദേശമദ്യമെന്നുകൊണ്ടുദ്ദേശിക്കുന്നത്.

സ്റ്റോർസ് ട്രാൻസ്പോർട്ട് ബസ്സ് സർവ്വീസ്.

* 1671 [19] ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ കൊല്ലം മലബാറിൻറെ ഏതെങ്കിലും ഭാഗങ്ങളിൽ പുതുതായി സ്റ്റോർസ് ട്രാൻസ്പോർട്ട് എക്സ്പ്രസ്സ് ബസ്സുകൾ ഓടിക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റൈനുകളിലാണ്;

(സി) ട്രാൻസ പോർട്ട് ലോക്കൽബസ്സുകൾ ഇന്നു മലബാർ ഭാഗത്തു് എവിടെയൊക്കെയാണ് ഓടിക്കൊണ്ടിരിക്കുന്നത്?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഉണ്ട്.

(ബി) 1. കോഴിക്കോട്—സുൽത്താൻബത്തേരി.

2. തൃശ്ശൂർ-കൊഴഞ്ഞാംപാറ.

(സി) 1. പെരുന്തൽമണ്ണ-കുറ്റിപ്പുറം—ഗുരുവായൂർ.

2. കണ്ണൂർ—തളിപ്പറമ്പ്

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ലോക്കൽ ബസ്സുകൾ കൂടുതലായി മലബാറിൽ ഇടാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. വി. തോമസ്: ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: ഈ ചോദ്യം മുൻപു് അൻസർചെയ്തു കഴിഞ്ഞിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ഓവർലോഡുകൊണ്ടും ബൈ മുട്ടുന്നതുകൊണ്ടും ചോദിച്ചതാണ്.

സമുദായം തിരിച്ചുള്ള ഉദ്യോഗനിയമനപ്പട്ടിക.

* 1672 [20] ശ്രീ. ആർ. സുശീലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഉദ്യോഗനിയമനങ്ങളുടെ സമുദായംതിരിച്ചുള്ള പട്ടിക പരസ്യം ചെയ്യാൻ ഗവണ്മെൻറ് തയ്യാറാകുമോ;

(ബി) സംവരണത്തിൻറെ പരിധിയിൽപ്പെട്ട സമുദായത്തിൽനിന്നും ആ വ്യവസ്ഥപ്രകാരം നിയമിച്ചവരുടെ എണ്ണം എത്രയെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്):

(എ) ചില വകുപ്പധ്യക്ഷന്മാരിൽനിന്നും വിവരം ലഭിക്കണമെന്നുള്ളതിനാൽ പൂർണ്ണവിവരം നൽകുവാൻ കാലതാമസമുണ്ട്. കിട്ടിയിടത്തോളം വിവരം ഉൾക്കൊള്ളുന്ന ഒരു †പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) പൂർണ്ണവിവരം ഉൾക്കൊള്ളുന്ന പട്ടിക എത്രയുംവേഗത്തിൽ നൽകുന്നതാണ്.

ഡാക്ടർ എസ്. രാധാകൃഷ്ണനു വിമാനത്താവളത്തിൽവച്ചു നൽകിയ സ്വീകരണം.†

* 1673‡ [21] ശ്രീ. കെ. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അടുത്ത കാലത്തു കേരളത്തിലെസ്ഥാനനഗരി സന്ദർശിച്ച ഇൻഡ്യൻ യൂണിയൻ വൈസ്പ്രസിഡൻറും ഡാ. എസ്. രാധാകൃഷ്ണനു വിമാനത്താവളത്തിൽവച്ചു നൽകിയ സ്വീകരണത്തിൽ പങ്കെടുക്കുന്നതിനും മറ്റും ഈ നിയമസഭാ സാമാജികന്മാർക്കു—ബഡ്ജറ്റുസെഷൻ കൂടിക്കൊണ്ടിരുന്നപ്പോൾ—അവസരം നൽകാൻ സഭാനേതാവു എന്തുകൊണ്ടു സ്വീകരോചിതം ശ്രദ്ധിച്ചില്ല;

(ബി) പ്രതിപക്ഷപാർട്ടികളുടെ നേതാക്കന്മാരുമായി ആലോചിച്ചു നിയമസഭയ്ക്കു ഒരു മണിക്കൂർ നേരമെങ്കിലും അവധി നൽകുവാൻ നടപടി എടുക്കുന്ന കാര്യത്തിൽ സഭാനേതാവിനെ പ്രതിബന്ധപ്പെടുത്തിയ കാരണങ്ങളെന്തു?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്):

(എ. ബി.) ബഡ്ജറ്റുസെഷൻ നടന്നുകൊണ്ടിരുന്ന സമയമായതിനാലും സഭാനടപടികൾ നിർത്തിവയ്ക്കുന്നതു സംബന്ധിച്ചു് ഏകകണ്ഠമായ തീരുമാനമുണ്ടാവാനിടയില്ലെന്നു തോന്നിയതിനാലും അതിനുവേണ്ട നടപടികളെടുത്തില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇതിനെപ്പറ്റി പ്രതിപക്ഷനേതാക്കന്മാരോടു് ആലോചിച്ചു തീരുമാനമെടുക്കാൻ ഒരു ശ്രമം നടത്തിയോ?

† Placed in the Library.

‡ As the member was absent this question was put by Shri R. Balakrishna Pillai with the permission of the chair.

LIBRARY ARCHIVES Kerala Legislative Assembly